# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഡിസംബർ 29

# വാർത്താക്കുറിപ്പ്

## അക്കാദമിക് മുന്നേറ്റത്തിന് ഡിജിറ്റൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തണം: മന്ത്രി ആർ. ബിന്ദു

ഡിജിറ്റൽ മേഖലയിൽ അനുദിനമെന്നോണം വളർന്നു വരുന്ന പുത്തൻ സങ്കേതങ്ങൾ അക്കാദമിക് രംഗത്തെ മുന്നേറ്റങ്ങൾക്കായി പ്രയോജനപ്പെടുത്തുവാൻ സർവ്വകലാശാലകളും ഗവേഷണകേന്ദ്രങ്ങളും ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളും തയ്യാറാകണമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ. ബിന്ദു പറഞ്ഞു. മഹാത്മാഗാന്ധി സർവ്വകലാശാല കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്സുമായി സഹകരിച്ച് നടപ്പാക്കുന്ന 'റീഡ് ആന്റ് പബ്ലിക്' പദ്ധതിയുടെ ഉദ്ഘാടനം ഓൺലൈനായി നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അവർ.

ഗവേഷണ പദ്ധതികൾ അക്കാദമിക പുരോഗതിക്കും പ്രാദേശിക വികസനത്തിനും ഊന്നൽ നൽകിയുള്ളതാകണമെന്നതാണ് സർക്കാർ നിലപാട്. ആഗോളതലത്തിൽ ലഭ്യമായിട്ടുള്ള അറിവുകൾ സമാഹരിച്ച് ശരിയായ വിധത്തിൽ പ്രയോജനപ്പെടുത്താൻ ഡിജിറ്റൽ മേഖലയിലും വിവര സാങ്കേതികവിദ്യാ രംഗത്തും പുതുതായി വരുന്ന സങ്കേതങ്ങൾ ഏറെ സഹായകമാണ്.

ഇക്കാര്യത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാല എടുത്തിട്ടുള്ള ചുവടുവയ്പ്പുകൾ അഭിനന്ദനാർഹമാണെന്നും മന്ത്രി പറഞ്ഞു.

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഗവേഷണ പ്രസിദ്ധീകരണ വിഭാഗങ്ങളെ ശക്തിപ്പെടുത്താൻ സഹായിക്കുന്നതാണ് കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്സുമായി ചേർന്ന് നടപ്പാക്കുന്ന 'റീഡ് ആന്റ് പബ്ലിഷ്' പദ്ധതിയെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. സർവ്വകലാശാല ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ (ഐ.ക്യു.എ.സി.) ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. പ്രൊ-വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി അക്കാദമിക്-ഗവേഷണ വിഭാഗങ്ങളുടെ മേധാവി അജയ് പ്രതാപ് സിങ്ങ്, ഐ.ക്യു.എ.സി. ഡയറക്ടർ പ്രൊഫ. റോബിനറ്റ് ജേക്കബ് തുടങ്ങിയവരും പങ്കെടുത്തു.

ഇതാദ്യമായാണ് കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല കേംബ്രിഡ്ജ് സർവ്വകലാശാല പ്രസ്സുമായി ഇത്തരത്തിലൊരു സംയുക്ത പദ്ധതിയിൽ പങ്കാളിയാകുന്നത്. അന്തർദേശീയതലത്തിൽ പ്രസിദ്ധീകരണങ്ങൾ സൗജന്യമായി പ്രസിദ്ധീകരിക്കുന്നതിനും അത്തരത്തിലുള്ള പ്രസിദ്ധീകരണങ്ങൾ റഫറൻസിനും മറ്റ് അക്കാദമിക ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നതിനും ഗവേഷകർക്ക് അവസരം നൽകുന്നതാണ് പദ്ധതി. നാല്പത്തിനാലായിരത്തിലധികം ഇ-ബുക്കുകളാണ് മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഗവേഷകർക്കും അദ്ധ്യാപകർക്കും ഗവേഷണ വിദ്യാർത്ഥികൾക്കും പദ്ധതിയിലൂടെ ലഭ്യമാകുന്നത്.

(പി.ആർ.ഒ/39/1647/2021)

## പ്രോജക്ട് ഇവാല്യുവേഷനും വൈവാ-വോസി പരീക്ഷയും

നാലാം സെമസ്റ്റർ എം.സി.എ. (2018 അഡ്മിഷൻ - റെഗുലർ /2017 അഡ്മിഷൻ - സപ്ലിമെന്ററി/ലാറ്ററൽ എൻട്രി / 2019 അഡ്മിഷൻ - റെഗുലർ / 2017, 2018 അഡ്മിഷൻ - സ്പ്ലിമെന്ററി/ 2015 അഡ്മിഷൻ - സപ്ലിമെന്ററി - അഫിലിയേറ്റഡ് കോളേജുകൾ, സീപാസ്/ 2016 അഡ്മിഷൻ - അഫിലിയേറ്റഡ് കോളേജുകൾ / 2014 അഡ്മിഷൻ - മേഴ്സി ചാൻസ്, ലാറ്ററൽ എൻട്രി / 2016 അഡ്മിഷൻ - സപ്ലിമെന്ററി - അഫിലിയേറ്റഡ് കോളേജുകൾ, സീപാസ്/ 2015 അഡ്മിഷൻ മേഴ്സി ചാൻസ്) ബിരുദ പരീക്ഷയുടെ പ്രോജക്ട് ഇവാല്യുവേഷനും വൈവാ-വോസി പരീക്ഷയ്ക്കും പിഴയില്ലാതെ ജനുവരി അഞ്ച് വരെയും 525 രൂപ പിഴയോടു കൂടി ജനുവരി ആറിനും 1050 രൂപ സൂപ്പർഫൈനോടെ ജനുവരി ഏഴിനും അപേക്ഷിക്കാം.

## അപേക്ഷാ തീയതി

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. - 2019 അഡ്മിഷൻ - റെഗുലർ/ 2018 അഡ്മിഷൻ - ഇംപ്രൂവ്മെന്റ്/ 2017, 2018 അഡ്മിഷൻ - റീ-അപ്പിയറൻസ് / സി.ബി.സി.എസ്.എസ്. - 2013 മുതൽ 2016 വരെയുള്ള അഡ്മിഷനുകളുടെ റീ-അപ്പിയറൻസ്, അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. സൈബർ ഫോറൻസിക് - 2014 മുതൽ 2018 വരെയുള്ള അഡ്മിഷനുകളുടെ റീ-അപ്പിയറൻസ് പരീക്ഷകൾക്ക് പിഴയില്ലാതെ ജനുവരി മൂന്ന് മുതൽ അഞ്ച് വരെയും 525 രൂപ പിഴയോടു കൂടി ജനുവരി അഞ്ച് മുതൽ ഏഴ് വരെയും 1050 രൂപ സൂപ്പർഫൈനോടു കൂടി ജനുവരി എട്ട് മുതൽ പത്ത് വരെയും അപേക്ഷിക്കാം. റെഗുലർ വിദ്യാർത്ഥികൾ 210 രൂപ ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമേ അടയ്ക്കണം. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ/39/1649/2021)

## പരീക്ഷാതീയതി

അഫിലിയേറ്റഡ് കോളേജുകളിലെ ഒന്ന്, മൂന്ന് സെമസ്റ്റർ എൽ.എൽ.എം. പരീക്ഷകൾ ജനുവരി 19 -ന് ആരംഭിക്കും. പിഴയില്ലാതെ ജനുവരി 10 വരെയും 525 രൂപ പിഴയോടു കൂടി ജനുവരി 11 നും 1050 രൂപ സൂപ്പർഫൈനോടെ ജനുവരി 12 നും അപേക്ഷിക്കാം.

(പി.ആർ.ഒ/39/1650/2021)

ഒന്നാം സെമസ്റ്റർ എം.സി.എ (അഫിലിയേറ്റഡ് കോളേജുകൾ/ സീപാസ്) പരീക്ഷകൾ ജനുവരി 12 ന് തുടങ്ങും. വിശദിവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ (ww.mgu.ac.in) ലഭ്യമാണ്.

(പി.ആർ.ഒ/39/1651/2021)

## പരീക്ഷാഫലം

2021 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. ഹിസ്റ്ററി (സി.എസ്.എസ്. - റെഗുലർ) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ വീതം ഫീസടച്ച് ജനുവരി 12 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1652/2021)

ഐ.ഐ.ആർ.ബി.എസ്. 2021 നവംബറിൽ നടത്തിയ എട്ടാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഇന്റർ - ഡിസിപ്ലിനറി എം.എസ്.സി (സയൻസ് ഫാക്കൽറ്റി - സപ്ലിമെന്ററി - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. വിശദാംശങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1653/2021)

ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എസ്.സി മോഡൽ I, II, III (2009-12 അഡ്മിഷൻ - മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. 2011 അഡ്മിഷൻ മുതലുള്ളവർ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും 370 രൂപ, 160 രൂപ വീതം ഫീസടച്ച് ജനുവരി 11 വരെ ഓൺലൈനായി അപേക്ഷിക്കണം. 2011 അഡ്മിഷന് മുൻപുള്ളവർ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ യഥാക്രമം 370 രൂപ, 160 രൂപ വീതമുള്ള ഫീസ് സഹിതം ജനുവരി 11 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ നേരിട്ട് നൽകണം.

(പി.ആർ.ഒ/39/1654/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഡിസംബർ 29

# വാർത്താക്കുറിപ്പ്

---

## അക്കാദമിക് മുന്നേറ്റത്തിന് ഡിജിറ്റൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തണം: മന്ത്രി ആർ. ബിന്ദു

ഡിജിറ്റൽ മേഖലയിൽ അനുദിനമെന്നോണം വളർന്നു വരുന്ന പുത്തൻ സങ്കേതങ്ങൾ അക്കാദമിക് രംഗത്തെ മുന്നേറ്റങ്ങൾക്കായി പ്രയോജനപ്പെടുത്തുവാൻ സർവ്വകലാശാലകളും ഗവേഷണകേന്ദ്രങ്ങളും ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളും തയ്യാറാകണമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ. ബിന്ദു പറഞ്ഞു. മഹാത്മാഗാന്ധി സർവ്വകലാശാല കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്സുമായി സഹകരിച്ച് നടപ്പാക്കുന്ന 'റീഡ് ആന്റ് പബ്ലിക്' പദ്ധതിയുടെ ഉദ്ഘാടനം ഓൺലൈനായി നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അവർ.

ഗവേഷണ പദ്ധതികൾ അക്കാദമിക പുരോഗതിക്കും പ്രാദേശിക വികസനത്തിനും ഊന്നൽ നൽകിയുള്ളതാകണമെന്നതാണ് സർക്കാർ നിലപാട്. ആഗോളതലത്തിൽ ലഭ്യമായിട്ടുള്ള അറിവുകൾ സമാഹരിച്ച് ശരിയായ വിധത്തിൽ പ്രയോജനപ്പെടുത്താൻ ഡിജിറ്റൽ മേഖലയിലും വിവര സാങ്കേതികവിദ്യാ രംഗത്തും പുതുതായി വരുന്ന സങ്കേതങ്ങൾ ഏറെ സഹായകമാണ്.

ഇക്കാര്യത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാല എടുത്തിട്ടുള്ള ചുവടുവയ്പ്പുകൾ അഭിനന്ദനാർഹമാണെന്നും മന്ത്രി പറഞ്ഞു.

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഗവേഷണ പ്രസിദ്ധീകരണ വിഭാഗങ്ങളെ ശക്തിപ്പെടുത്താൻ സഹായിക്കുന്നതാണ് കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്സുമായി ചേർന്ന് നടപ്പാക്കുന്ന 'റീഡ് ആന്റ് പബ്ലിഷ്' പദ്ധതിയെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. സർവ്വകലാശാല ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ (ഐ.ക്യു.എ.സി.) ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. പ്രൊ-വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി അക്കാദമിക്-ഗവേഷണ വിഭാഗങ്ങളുടെ മേധാവി അജയ് പ്രതാപ് സിങ്ങ്, ഐ.ക്യു.എ.സി. ഡയറക്ടർ പ്രൊഫ. റോബിനറ്റ് ജേക്കബ് തുടങ്ങിയവരും പങ്കെടുത്തു.

ഇതാദ്യമായാണ് കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല കേംബ്രിഡ്ജ് സർവ്വകലാശാല പ്രസ്സുമായി ഇത്തരത്തിലൊരു സംയുക്ത പദ്ധതിയിൽ പങ്കാളിയാകുന്നത്. അന്തർദേശീയതലത്തിൽ പ്രസിദ്ധീകരണങ്ങൾ സൗജന്യമായി പ്രസിദ്ധീകരിക്കുന്നതിനും അത്തരത്തിലുള്ള പ്രസിദ്ധീകരണങ്ങൾ റഫറൻസിനും മറ്റ് അക്കാദമിക ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നതിനും ഗവേഷകർക്ക് അവസരം നൽകുന്നതാണ് പദ്ധതി. നാല്പത്തിനാലായിരത്തിലധികം ഇ-ബുക്കുകളാണ് മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഗവേഷകർക്കും അദ്ധ്യാപകർക്കും ഗവേഷണ വിദ്യാർത്ഥികൾക്കും പദ്ധതിയിലൂടെ ലഭ്യമാകുന്നത്.

(പി.ആർ.ഒ/39/1647/2021)

## പ്രോജക്ട് ഇവാല്യുവേഷനും വൈവാ-വോസി പരീക്ഷയും

നാലാം സെമസ്റ്റർ എം.സി.എ. (2018 അഡ്മിഷൻ - റെഗുലർ /2017 അഡ്മിഷൻ - സപ്ലിമെന്ററി/ലാറ്ററൽ എൻട്രി / 2019 അഡ്മിഷൻ - റെഗുലർ / 2017, 2018 അഡ്മിഷൻ - സ്പ്ലിമെന്ററി/ 2015 അഡ്മിഷൻ - സപ്ലിമെന്ററി - അഫിലിയേറ്റഡ് കോളേജുകൾ, സീപാസ്/ 2016 അഡ്മിഷൻ - അഫിലിയേറ്റഡ് കോളേജുകൾ / 2014 അഡ്മിഷൻ - മേഴ്സി ചാൻസ്, ലാറ്ററൽ എൻട്രി / 2016 അഡ്മിഷൻ - സപ്ലിമെന്ററി - അഫിലിയേറ്റഡ് കോളേജുകൾ, സീപാസ്/ 2015 അഡ്മിഷൻ മേഴ്സി ചാൻസ്) ബിരുദ പരീക്ഷയുടെ പ്രോജക്ട് ഇവാല്യുവേഷനും വൈവാ-വോസി പരീക്ഷയ്ക്കും പിഴയില്ലാതെ ജനുവരി അഞ്ച് വരെയും 525 രൂപ പിഴയോടു കൂടി ജനുവരി ആറിനും 1050 രൂപ സൂപ്പർഫൈനോടെ ജനുവരി ഏഴിനും അപേക്ഷിക്കാം.

## അപേക്ഷാ തീയതി

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. - 2019 അഡ്മിഷൻ - റെഗുലർ/ 2018 അഡ്മിഷൻ - ഇംപ്രൂവ്മെന്റ്/ 2017, 2018 അഡ്മിഷൻ - റീ-അപ്പിയറൻസ് / സി.ബി.സി.എസ്.എസ്. - 2013 മുതൽ 2016 വരെയുള്ള അഡ്മിഷനുകളുടെ റീ-അപ്പിയറൻസ്, അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. സൈബർ ഫോറൻസിക് - 2014 മുതൽ 2018 വരെയുള്ള അഡ്മിഷനുകളുടെ റീ-അപ്പിയറൻസ് പരീക്ഷകൾക്ക് പിഴയില്ലാതെ ജനുവരി മൂന്ന് മുതൽ അഞ്ച് വരെയും 525 രൂപ പിഴയോടു കൂടി ജനുവരി അഞ്ച് മുതൽ ഏഴ് വരെയും 1050 രൂപ സൂപ്പർഫൈനോടു കൂടി ജനുവരി എട്ട് മുതൽ പത്ത് വരെയും അപേക്ഷിക്കാം. റെഗുലർ വിദ്യാർത്ഥികൾ 210 രൂപ ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമേ അടയ്ക്കണം. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ/39/1649/2021)

## പരീക്ഷാതീയതി

അഫിലിയേറ്റഡ് കോളേജുകളിലെ ഒന്ന്, മൂന്ന് സെമസ്റ്റർ എൽ.എൽ.എം. പരീക്ഷകൾ ജനുവരി 19 -ന് ആരംഭിക്കും. പിഴയില്ലാതെ ജനുവരി 10 വരെയും 525 രൂപ പിഴയോടു കൂടി ജനുവരി 11 നും 1050 രൂപ സൂപ്പർഫൈനോടെ ജനുവരി 12 നും അപേക്ഷിക്കാം.

(പി.ആർ.ഒ/39/1650/2021)

ഒന്നാം സെമസ്റ്റർ എം.സി.എ (അഫിലിയേറ്റഡ് കോളേജുകൾ/ സീപാസ്) പരീക്ഷകൾ ജനുവരി 12 ന് തുടങ്ങും. വിശദിവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ (ww.mgu.ac.in) ലഭ്യമാണ്.

(പി.ആർ.ഒ/39/1651/2021)

## പരീക്ഷാഫലം

2021 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. ഹിസ്റ്ററി (സി.എസ്.എസ്. - റെഗുലർ) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ വീതം ഫീസടച്ച് ജനുവരി 12 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1652/2021)

ഐ.ഐ.ആർ.ബി.എസ്. 2021 നവംബറിൽ നടത്തിയ എട്ടാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഇന്റർ - ഡിസിപ്ലിനറി എം.എസ്.സി (സയൻസ് ഫാക്കൽറ്റി - സപ്ലിമെന്ററി - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. വിശദാംശങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1653/2021)

ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എസ്.സി മോഡൽ I, II, III (2009-12 അഡ്മിഷൻ - മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. 2011 അഡ്മിഷൻ മുതലുള്ളവർ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും 370 രൂപ, 160 രൂപ വീതം ഫീസടച്ച് ജനുവരി 11 വരെ ഓൺലൈനായി അപേക്ഷിക്കണം. 2011 അഡ്മിഷന് മുൻപുള്ളവർ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ യഥാക്രമം 370 രൂപ, 160 രൂപ വീതമുള്ള ഫീസ് സഹിതം ജനുവരി 11 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ നേരിട്ട് നൽകണം.

(പി.ആർ.ഒ/39/1654/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഡിസംബർ 29

# വാർത്താക്കുറിപ്പ്

## അക്കാദമിക് മുന്നേറ്റത്തിന് ഡിജിറ്റൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തണം: മന്ത്രി ആർ. ബിന്ദു

ഡിജിറ്റൽ മേഖലയിൽ അനുദിനമെന്നോണം വളർന്നു വരുന്ന പുത്തൻ സങ്കേതങ്ങൾ അക്കാദമിക് രംഗത്തെ മുന്നേറ്റങ്ങൾക്കായി പ്രയോജനപ്പെടുത്തുവാൻ സർവ്വകലാശാലകളും ഗവേഷണകേന്ദ്രങ്ങളും ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളും തയ്യാറാകണമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ. ബിന്ദു പറഞ്ഞു. മഹാത്മാഗാന്ധി സർവ്വകലാശാല കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്സുമായി സഹകരിച്ച് നടപ്പാക്കുന്ന 'റീഡ് ആന്റ് പബ്ലിക്" പദ്ധതിയുടെ ഉദ്ഘാടനം ഓൺലൈനായി നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അവർ.

ഗവേഷണ പദ്ധതികൾ അക്കാദമിക പുരോഗതിക്കും പ്രാദേശിക വികസനത്തിനും ഊന്നൽ നൽകിയുള്ളതാകണമെന്നതാണ് സർക്കാർ നിലപാട്. ആഗോളതലത്തിൽ ലഭ്യമായിട്ടുള്ള അറിവുകൾ സമാഹരിച്ച് ശരിയായ വിധത്തിൽ പ്രയോജനപ്പെടുത്താൻ ഡിജിറ്റൽ മേഖലയിലും വിവര സാങ്കേതികവിദ്യാ രംഗത്തും പുതുതായി വരുന്ന സങ്കേതങ്ങൾ ഏറെ സഹായകമാണ്.

ഇക്കാര്യത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാല എടുത്തിട്ടുള്ള ചുവടുവയ്പ്പുകൾ അഭിനന്ദനാർഹമാണെന്നും മന്ത്രി പറഞ്ഞു.

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഗവേഷണ പ്രസിദ്ധീകരണ വിഭാഗങ്ങളെ ശക്തിപ്പെടുത്താൻ സഹായിക്കുന്നതാണ് കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്സുമായി ചേർന്ന് നടപ്പാക്കുന്ന 'റീഡ് ആന്റ് പബ്ലിഷ്' പദ്ധതിയെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. സർവ്വകലാശാല ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ (ഐ.ക്യൂ.എ.സി.) ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. പ്രൊ-വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി അക്കാദമിക്-ഗവേഷണ വിഭാഗങ്ങളുടെ മേധാവി അജയ് പ്രതാപ് സിങ്ങ്, ഐ.ക്യൂ.എ.സി. ഡയറക്ടർ പ്രൊഫ. റോബിനറ്റ് ജേക്കബ് തുടങ്ങിയവരും പങ്കെടുത്തു.

ഇതാദ്യമായാണ് കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല കേംബ്രിഡ്ജ് സർവ്വകലാശാല പ്രസ്സുമായി ഇത്തരത്തിലൊരു സംയുക്ത പദ്ധതിയിൽ പങ്കാളിയാകുന്നത്. അന്തർദേശീയതലത്തിൽ പ്രസിദ്ധീകരണങ്ങൾ സൗജന്യമായി പ്രസിദ്ധീകരിക്കുന്നതിനും അത്തരത്തിലുള്ള പ്രസിദ്ധീകരണങ്ങൾ റഫറൻസിനും മറ്റ് അക്കാദമിക ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നതിനും ഗവേഷകർക്ക് അവസരം നൽകുന്നതാണ് പദ്ധതി. നാല്പത്തിനാലായിരത്തിലധികം ഇ-ബുക്കുകളാണ് മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഗവേഷകർക്കും അദ്ധ്യാപകർക്കും ഗവേഷണ വിദ്യാർത്ഥികൾക്കും പദ്ധതിയിലൂടെ ലഭ്യമാകുന്നത്.

(പി.ആർ.ഒ/39/1647/2021)

## പ്രോജക്ട് ഇവാല്യൂവേഷനും വൈവാ-വോസി പരീക്ഷയും

നാലാം സെമസ്റ്റർ എം.സി.എ. (2018 അഡ്മിഷൻ - റെഗുലർ /2017 അഡ്മിഷൻ - സപ്ലിമെന്ററി/ലാറ്ററൽ എൻട്രി / 2019 അഡ്മിഷൻ - റെഗുലർ / 2017, 2018 അഡ്മിഷൻ - സ്പ്ലിമെന്ററി/ 2015 അഡ്മിഷൻ - സപ്ലിമെന്ററി - അഫിലിയേറ്റഡ് കോളേജുകൾ, സീപാസ്/ 2016 അഡ്മിഷൻ - അഫിലിയേറ്റഡ് കോളേജുകൾ / 2014 അഡ്മിഷൻ - മേഴ്സി ചാൻസ്, ലാറ്ററൽ എൻട്രി / 2016 അഡ്മിഷൻ - സപ്ലിമെന്ററി - അഫിലിയേറ്റഡ് കോളേജുകൾ, സീപാസ്/ 2015 അഡ്മിഷൻ മേഴ്സി ചാൻസ്) ബിരുദ പരീക്ഷയുടെ പ്രോജക്ട് ഇവാല്യൂവേഷനും വൈവാ-വോസി പരീക്ഷയ്ക്കും പിഴയില്ലാതെ ജനുവരി അഞ്ച് വരെയും 525 രൂപ പിഴയോടു കൂടി ജനുവരി ആറിനും 1050 രൂപ സൂപ്പർഫൈനോടെ ജനുവരി ഏഴിനും അപേക്ഷിക്കാം.

## അപേക്ഷാ തീയതി

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. - 2019 അഡ്മിഷൻ - റെഗുലർ/ 2018 അഡ്മിഷൻ - ഇംപ്രൂവ്മെന്റ്/ 2017, 2018 അഡ്മിഷൻ - റീ-അപ്പിയറൻസ് / സി.ബി.സി.എസ്.എസ്. - 2013 മുതൽ 2016 വരെയുള്ള അഡ്മിഷനുകളുടെ റീ-അപ്പിയറൻസ്, അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. സൈബർ ഫോറൻസിക് - 2014 മുതൽ 2018 വരെയുള്ള അഡ്മിഷനുകളുടെ റീ-അപ്പിയറൻസ് പരീക്ഷകൾക്ക് പിഴയില്ലാതെ ജനുവരി മൂന്ന് മുതൽ അഞ്ച് വരെയും 525 രൂപ പിഴയോടു കൂടി ജനുവരി അഞ്ച് മുതൽ ഏഴ് വരെയും 1050 രൂപ സൂപ്പർഫൈനോടു കൂടി ജനുവരി എട്ട് മുതൽ പത്ത് വരെയും അപേക്ഷിക്കാം. റെഗുലർ വിദ്യാർത്ഥികൾ 210 രൂപ ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമേ അടയ്ക്കണം. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ/39/1649/2021)

## പരീക്ഷാതീയതി

അഫിലിയേറ്റഡ് കോളേജുകളിലെ ഒന്ന്, മൂന്ന് സെമസ്റ്റർ എൽ.എൽ.എം. പരീക്ഷകൾ ജനുവരി 19 -ന് ആരംഭിക്കും. പിഴയില്ലാതെ ജനുവരി 10 വരെയും 525 രൂപ പിഴയോടു കൂടി ജനുവരി 11 നും 1050 രൂപ സൂപ്പർഫൈനോടെ ജനുവരി 12 നും അപേക്ഷിക്കാം.

(പി.ആർ.ഒ/39/1650/2021)

ഒന്നാം സെമസ്റ്റർ എം.സി.എ (അഫിലിയേറ്റഡ് കോളേജുകൾ/ സീപാസ്) പരീക്ഷകൾ ജനുവരി 12 ന് തുടങ്ങും. വിശദിവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ (ww.mgu.ac.in) ലഭ്യമാണ്.

(പി.ആർ.ഒ/39/1651/2021)

## പരീക്ഷാഫലം

2021 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. ഹിസ്റ്ററി (സി.എസ്.എസ്. - റെഗുലർ) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ വീതം ഫീസടച്ച് ജനുവരി 12 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1652/2021)

ഐ.ഐ.ആർ.ബി.എസ്. 2021 നവംബറിൽ നടത്തിയ എട്ടാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഇന്റർ - ഡിസിപ്ലിനറി എം.എസ്.സി (സയൻസ് ഫാക്കൽറ്റി - സപ്ലിമെന്ററി - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. വിശദാംശങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1653/2021)

ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എസ്.സി മോഡൽ I, II, III (2009-12 അഡ്മിഷൻ - മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. 2011 അഡ്മിഷൻ മുതലുള്ളവർ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും 370 രൂപ, 160 രൂപ വീതം ഫീസടച്ച് ജനുവരി 11 വരെ ഓൺലൈനായി അപേക്ഷിക്കണം. 2011 അഡ്മിഷന് മുൻപുള്ളവർ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ യഥാക്രമം 370 രൂപ, 160 രൂപ വീതമുള്ള ഫീസ് സഹിതം ജനുവരി 11 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ നേരിട്ട് നൽകണം.

(പി.ആർ.ഒ/39/1654/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ